## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*89.** **30.01.2019 ൽ മറുപടിയ്ക്ക്**

### മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കുന്നതിന് സഹായകമായ നയമാണോ ഈ സർക്കാർ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യതയും വ്യാപനവും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. മദ്യ, ലഹരിവസ്തുക്കൾ തുടങ്ങിയവയുടെ ഉപഭോഗം മൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതു ജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തുന്നതിന് സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ നേതൃത്വത്തിൽ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും സംസ്ഥാന തലത്തിൽ സംഘടിപ്പിച്ചു വരുന്നുണ്ട്. എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും രഹസ്യ നിരീക്ഷണം നടത്തുന്നതു പ്രകാരം വിവരങ്ങൾ ശേഖരിക്കുകയും പരമാവധി കേസ്സുകൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിലും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിലും സംയുക്ത പരിശോധനകൾ നടത്തുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നും ലഹരി പദാർത്ഥങ്ങൾ കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം |
| (ബി) | എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | | |

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തുകയും കർശനമായ വാഹന പരിശോധനകൾ നടത്തുകയും ചെയ്യുന്നു. ട്രെയിൻ വഴിയുള്ള ലഹരി കടത്ത് തടയുന്നതിന് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും പരിശോധനകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് പൂട്ടിക്കിടന്ന ബാറുകൾ തുറക്കുകയും പുതിയതായി ബ്രൂവറികളും ഡിസ്റ്റിലറിയും അനുവദിക്കുകയും ചെയ്തത് ഈ നയത്തിന്റെ ഭാഗമായിട്ടാണോ എന്ന് അറിയിക്കാമോ; | (സി) | എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മദ്യനയത്തിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. വിദേശമദ്യ ചട്ടമനുസരിച്ച് നൽകുന്ന ബിയർ, വൈൻ പാർലറുകൾ ഉൾപ്പെടെയുള്ള മറ്റ് ലൈസൻസുകൾ നിശ്ചിത മാനദണ്ഡവും നിയമവുമനുസരിച്ച് യോഗ്യതയുള്ളവർക്ക് തുടർന്നും അനുവദിക്കാവുന്നതാണെന്ന് മദ്യനയത്തിൽ പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് നിശ്ചിത യോഗ്യതയുള്ള ബാറുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ബ്രൂവറികൾ, കോമ്പൗണ്ടിംഗ് ബ്ലൻഡിംഗ് & ബോട്ടിലിംഗ് യൂണിറ്റുകൾ എന്നിവയ്ക്ക് ചട്ടപ്രകാരം നൽകിയ മുൻ അനുമതി 09.10.2018-ലെ സ.ഉ.(സാ.ധാ)744/18/നി.വ. സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ പ്രകാരം റദ്ദ് ചെയ്തിട്ടുമുണ്ട്. |
| (ഡി) | പൂട്ടിയ ബാറുകൾ തുറക്കുന്നതിലൂടെയും ബ്രൂവറിയും ഡിസ്റ്റിലറിയും അനുവദിക്കുക വഴിയും മദ്യത്തിന്റെ ലഭ്യതയിൽ എപ്രകാരമാണ് കുറവുണ്ടാവുക എന്ന് വ്യക്തമാക്കാമോ? | (ഡി) | മദ്യ നിരോധനത്തിനല്ല മറിച്ച് മദ്യവർജ്ജനത്തിനാണ് സർക്കാരിന്റെ മദ്യനയത്തിൽ ഊന്നൽ നൽകിയിട്ടുള്ളത്. യാഥാർത്ഥ്യ ബോധത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ മദ്യനയം പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നത്. ജനങ്ങൾക്കിടയിലെ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനും മദ്യത്തിന്റെ ആവശ്യകത ഇല്ലാതാക്കുന്നതിനുമാണ് ഊന്നൽ നൽകുന്നത്. |

സെക്ഷൻ ഓഫീസർ